Mathrubhumi 24-10-18, P-06

# ഗ്രോബാഗിൽ പച്ചക്കറിക്കൃഷിക്ക് തിരി നന

**പി.കെ. ഉബൈദ്**

തിരിനന (വിക്ക് ഇറിഗേഷൻ) സൗകര്യമുള്ള ഗ്രോബാഗുകളിൽ ധനസഹായത്തോടുകൂടി പച്ചക്കറി കൃഷിചെയ്യാം. ഗ്രോബാഗുകൾക്കടിയിലൂടെ സ്ഥാപിക്കപ്പെടുന്ന പി.വി.സി. പൈപ്പിൽനിന്ന് തിരിവഴി ആവശ്യമുള്ളത്ര മാത്രം വെള്ളം ചെടികൾ സ്വയം സ്വീകരിക്കുന്ന നൂതന കാർഷികസംരംഭമാണിത്. ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ കുറച്ച് വെള്ളത്തിൽ കൂടുതൽ കൃഷിയെന്ന സിദ്ധാന്തം ഇതുവഴി പ്രായോഗികമാകുന്നു. സ്ഥലപരിമിതിയുള്ളവർക്ക് വെയിൽസാന്നിധ്യമുള്ള മട്ടുപ്പാവിലോ മുറ്റത്തോ ഗ്രോബാഗുകൾ സ്ഥാപിക്കാം.

ലായനിരൂപത്തിലുള്ള വളവും പൈപ്പിലെ വെള്ളത്തിലൂടെ വളസേചനവും സാധ്യമാക്കുന്നു. ഒരിക്കൽ കൃഷിയോഗ്യമാക്കിയ തിരിനനസംവിധാനത്തിൽ തുടർച്ചയായി ഒന്നിൽക്കൂടുതൽ കൃഷിചെയ്യാം. പൈപ്പുകളും ഇഷ്ടികകളും കേടുകൂടാതെ സൂക്ഷിച്ചാൽ ഗ്രോബാഗുകൾ മാത്രം പുനഃസ്ഥാപിച്ച് തിരിനനസംവിധാനം ദീർഘനാൾ തുടരാനുമാകും.



ഒരുവട്ടം നിറച്ചാൽ ദിവസങ്ങളോളം ജലം പൈപ്പിൽ അവശേഷിക്കുന്നതിനാലും സ്വയം ജലസേചിത സൗകര്യമുള്ളതിനാലും ഏതാനും ദിവസം കൃഷിയിടം വിട്ടുമാറി നിൽക്കേണ്ടിവന്നാലും പ്രശ്നമില്ല. നനയ്ക്കാനുള്ള മറ്റു സംവിധാനങ്ങളും അധ്വാനവും സമയനഷ്ടവും ഒഴിവാക്കാനുമാകും. വളത്തോടുകൂടിയ മണ്ണുനിറച്ച 25 ബാഗും പച്ചക്കറിച്ചെടികളും അതിനാവശ്യമായ പൈപ്പും ബാഗുകളെ താങ്ങിനിർത്താനാവശ്യമായ ഇഷ്ടികകളുമടക്കം ഒരു യൂണിറ്റ് 2000 രൂപയ്ക്ക് ലഭിക്കും. കൂടുതൽ വിവരങ്ങൾക്കും സഹായധനത്തിനും കൃഷിഭവനുമായി ബന്ധപ്പെടാം.

**(കാസർകോട് കൃഷിഭവനിലെ കൃഷി ഫീൽഡ് ഓഫീസറാണ് ലേഖകൻ)**